(ബി) വാണിജ്യവിളകൾക്കും മറ്റു വിളകൾക്കും നൽകുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് നിശ്ചയിച്ചു നൽകിയിട്ടുണ്ട്. മുമ്പ് നൽകിവന്നിരുന്ന നിരക്കുകൾ 2003 റാബി സീസൺ മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് താഴെക്കുറിക്കുന്നു:

കാപ്പി (ചെടിയൊന്നിന്)	..	60 രൂപ
കുരുമുളക് (ചെടിയൊന്നിന്)	..	40 രൂപ
ഏലം (ഹെ.)	..	3,000 രൂപ

(സി) നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ, കുരുമുളക്, കാപ്പി തുടങ്ങിയ വിളകൾക്ക് പൂർണ്ണമായും വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിതരണം നടത്തുന്നതിലേയ്ക്കായി വിത്ത്, തൈ, വളം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്രവികസന പദ്ധതി നടപ്പാക്കാൻ സർക്കാർ ആലോചിച്ചുവരുന്നു.

വരൾച്ച മൂലം വയനാട് ജില്ലയിൽ കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടം

74 [1206] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എ. പി. അനിൽകുമാർ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം വയനാട് ജില്ലയിൽ ഉണ്ടായ കാർഷിക വിളകളുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാർഷിക വിളകളുടെ നഷ്ടം കണക്കാക്കിയത് ചെടികളുടെ എണ്ണം കണക്കിലെടുത്തായിരുന്നുവോ;

(സി) അത് കൃഷിക്കാരെ ദോഷകരമായി ബാധിച്ചു എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കർഷകർക്കുണ്ടായ വിളനഷ്ടം കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെങ്ങ്, കമുക്, റബർ, കശുമാവ് തുടങ്ങിയ തോട്ടവിളകളുടേയും കാപ്പി, കുരുമുളക് തുടങ്ങിയ വാണിജ്യ വിളകളുടേയും മറ്റ് വിളകളായ വാഴ മുതലായവയുടേയും നാശനഷ്ടം കണക്കാക്കിയത് ചെടികളുടെ എണ്ണം കണക്കാക്കിയാണ്. എന്നാൽ നെല്ല്, പച്ചക്കറികൾ, ഏലം, മരച്ചീനി തുടങ്ങിയ വിളകളുടെ നാശനഷ്ടം കണക്കാക്കുന്നത് പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടായ കൃഷിഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) കർഷകർക്കുണ്ടായ വിളനഷ്ടം കണക്കിലെടുത്താണ് നഷ്ടപരിഹാര തോത് നിശ്ചയിച്ചിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായതിന്റെ ഇരട്ടി തുകയാണ് ഇപ്പോൾ നൽകുന്നത്.

വയനാട് ജില്ലയിലെ കൃഷിനാശം

75 [1207] ശ്രീമതി രാധാ രാഘവൻ:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. സി. ജോസഫ്:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ വരൾച്ചമൂലം വയനാട് ജില്ലയിലെ കൃഷിനാശത്തെപ്പറ്റി വിശദമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) വരൾച്ചമൂലം കൃഷി നഷ്ടപ്പെട്ട കർഷകർക്കുവേണ്ടി ആശ്വാസ നടപടികൾ നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തോത് ഇരട്ടിയായി വർദ്ധിപ്പിച്ചു. വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. നഷ്ടപരിഹാരം ലഭിക്കുന്നതിന് കാർഷിക വരുമാനപരിധി നീക്കം ചെയ്തു. ഭൂപരിധി നിയന്ത്രണത്തിൽ ഇളവ് അനുവദിച്ചു.

വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന പ്രതിസന്ധി

76 [1208] ശ്രീ. എ. പി. അനിൽകുമാർ:
" കെ. സി. ജോസഫ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പി, കുരുമുളക് മുതലായ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു മൂലം വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly